**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4174 - 16.12.2014 ലെ മറുപടിക്ക്**

# കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ അസിസ്റ്റന്റ് മാനേജർ നിയമനം

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ.എം.പി.വിൻസെന്റ് | ശ്രീ.കെ.എം. മാണി, ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ അസിസ്റ്റന്റ് മാനേജർ തസ്തികയിലേയ്ക്ക് പി.എസ്.സി എന്നാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത് ; എത്ര ഒഴിവുകൾ അപ്പോൾ ഉണ്ടായിരുന്നു; | കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ അസിസ്റ്റന്റ് മാനേജർ തസ്തികയിലേക്ക് 12.11.07 തീയതിയിൽ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഏഴ് ഒഴിവുകൾ വിജ്ഞാപനം പുറപ്പെടുവിച്ചപ്പോൾ ഉണ്ടായിരുന്നു. |
| (ബി) | പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത് ; | 14.06.2010 ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച |
| (സി) | ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് ഇതുവരെ നിയമനം നൽകിയിട്ടുണ്ട് ; ഈ ലിസ്റ്റിലെ എൻ.സി.എ ഒഴിവുകൾ നികത്തുന്നതിലേയ്ക്കായി പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ; | നിലവിൽ 8 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ടി തസ്തികയുടെ NCA ഒഴിവുകൾ നികത്തുന്നതിനായി 588/13 (NCA OBC) , 589/13 (NCA LC/AI), 590/13 (NCA M) എന്നീ കാറ്റഗറി നമ്പറുകളിലായി 31/12/2013 തീയതിയിലെ ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ എത്ര പ്രാവശ്യം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലൂടെ എൻ.സി.എ ഒഴിവുകൾ നികത്തപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്താണ് കാരണം; | ഒ.ബി.സി വിഭാഗത്തിലെ ഒഴിവുകൾ നികത്തുന്നതിനായി ഒരു തവണയും എൽ.സി/എ.ഐ മുസ്ലിം വിഭാഗങ്ങളിലെ ഒഴിവുകൾ നികത്തുന്നതിനായി രണ്ടു തവണയും എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും ആവശ്യത്തിനുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാൽ എഴുത്തു പരീക്ഷ നടത്താൻ സാധിച്ചിട്ടില്ല. അതിനാൽ NCA ഉൾപ്പെടെയുള്ള ഒഴിവുകൾ നികത്തപ്പെട്ടിട്ടില്ല. |

| | | |
|---|---|---|
| (ഇ) | എൻ.സി.എ ഒഴിവുകൾ നികത്തുന്നതിലേയ്ക്ക് തുടർച്ചയായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടും യോഗ്യതാ മാനദണ്ഡം അനുസരിച്ച് ആളെ ലഭിക്കാത്ത സാഹചര്യത്തിൽ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും ഈ ഒഴിവുകൾ നികത്തുമോ ; | നിലവിൽ ബാധകമല്ല |
| (എഫ്) | നിലവിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ അസിസ്റ്റന്റ് മാനേജർ തസ്തികയിൽ നികത്തപ്പെടാത്ത ഒഴിവുകൾ എത്രയുണ്ട് ; ഈ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; | നിലവിൽ അസിസ്റ്റന്റ് മാനേജർ തസ്തികയിൽ 11 ഒഴിവുകളുണ്ട്. ഈ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ജി) | എങ്കിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിനു മുമ്പായി നിയമന നടപടികൾ സ്വീകരിക്കുമോ ; കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ എന്ത് അനുപാതത്തിലാണ് അസിസ്റ്റന്റ് മാനേജരുടെ ഒഴിവുകൾ സ്ഥാനക്കയറ്റത്തിലൂടെയും നേരിട്ടുള്ള നിയമനത്തിനുമായി നിശ്ചയിച്ചിട്ടുള്ളത്; മുൻകാലങ്ങളിൽ കോർപ്പറേഷനിൽ ഉണ്ടായിട്ടുള്ള എത്ര ഒഴിവുകളാണ് സ്ഥാനക്കയറ്റത്തിലൂടെ നികത്തിയിട്ടുള്ളത് ; ഇങ്ങനെ നികത്തിയ ഒഴിവുകൾ ആനുപാതികമായിട്ടാണോ നികത്തിയിട്ടുള്ളത് ? | കേരള ഫിനാൻഷ്യൽ കോർപ്പറേഷനിലെ അസിസ്റ്റന്റ് മാനേജർ തസ്തിക ജൂനിയർ എക്സിക്യൂട്ടീവ് തസ്തികയുടെ മുകളിലുള്ളതും ജൂനിയർ എക്സിക്യൂട്ടീവ് തസ്തികയിൽ നിന്നും പ്രൊമോഷൻ വഴി നികത്തേണ്ടതുമാണ്. എന്നാൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ സ്റ്റാഫ് റെഗുലേഷൻ അനുസരിച്ച് അസിസ്റ്റന്റ് മാനേജർ തസ്തികയിൽ 50 ശതമാനം വരെ ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴി നികത്താവുന്നതാണ്. എന്നാൽ ഈ ഒഴിവുകൾ ട്രാൻസ്ഫർ, ഗവൺമെന്റിലെയോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലെയോ സമാനമായ സ്ഥാനങ്ങൾ വഹിക്കുന്നവരിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ എന്നിവ മുഖേന ബോർഡിന്റെ തീരുമാനപ്രകാരം നികത്താവുന്നതാണ്. ഇതിനു പുറമെ ഈ ഒഴിവുകൾ ഭരണപരമായ കാര്യക്ഷമതയ്ക്കും സൗകര്യത്തിനും വേണ്ടി മുൻ നിശ്ചയിക്കപ്പെട്ട അനുപാതത്തിൽ വ്യതിയാനം വരുത്തിക്കൊണ്ട് ബോർഡ് തീരുമാനപ്രകാരം സ്ഥാനക്കയറ്റം വഴിയും നികത്താവുന്നതാണ്. മുൻകാലങ്ങളിൽ സ്ഥാനക്കയറ്റം വഴി ഒഴിവുകൾ നികത്തിയത് ഈ മാനദണ്ഡങ്ങൾ അനുസരിച്ചാണ്. |

**സെക്ഷൻ ഓഫീസർ**